


# LITTLE TECHYS

# ആശംസകൾ......

കരിപ്പോൾ ഗവൺമെൻറ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് കൂട്ടുകാരുടെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു. വിവരസാങ്കേതിക വി ദ്യയിലെ ഈ മുന്നേറ്റം എല്ലാം കൊണ്ടും ശ്രദ്ധേയമാണ്.കുട്ടികളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരുന്നതിനും ഭാവിയിലേക്കുള്ള അവരുടെ എല്ലാ മുന്നേറ്റങ്ങൾക്കും ഇത് ഉതകുന്നതാണ് ഉത്തമ ബോധ്യമുണ്ട് ഓരോ താളും പ്രത്യേകം പ്രശംസകൾ അർപ്പിക്കുന്നു.



സ്നേഹപൂർവ്വം ജയശ്രീ( പ്രധാന അധ്യാപിക)

# ആമുഖം

വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും വിദ്യാഭ്യാസത്തിൽ വലിയൊരു പങ്ക് വഹിക്കാനാവും എന്ന് തിരിച്ചറിവിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ഹൈടെക് പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ ***LITTLE KITES*** എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ

"മലയാളം കമ്പ്യൂട്ടിങ്ങ്& ഡെസ്ക്ക് ടോപ് പബ്ലിഷിംഗ്ം "എന്ന പഠന പ്രവർത്തനത്തോട് അനുബന്ധിച്ച് ജി എം എച്ച് എസ്. കരിപ്പോൾ ലേ ലിറ്റിൽ കൈറ്റ്സ് കൂട്ടം തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.

സർഗ്ഗധനരായ പ്രതിഭകളുടെ സൃഷ്ടിയെ *LITTLE TECHYS* എന്ന് നാമകരണം ചെയ്തിരിക്കുന്നു.

ഒരു നല്ല തുടക്കമാവട്ടെ എന്ന പ്രാർത്ഥനയോടെ..........

LITTILE KITES 2018- 19
GHS KARIPPOL

# ഉള്ളടക്കം

1.മായാത്ത രാവുകൾ.....................................................................................
2.പ്രാർത്ഥന.................................................................................................
3.പ്രകൃതിയുടെ മാറ്റം.....................................................................................
4.മരണം.....................................................................................................
5.علم..........................................................................................................
6.ഒഴുകിയ സാഗരം.........................................................................................
7.അറിവിൻറെ വെളിച്ചം...................................................................................
8.തിരിച്ചറിവ്.................................................................................................
9.ഒരു ഗ്രാമം..................................................................................................
10.സുന്ദരമാം ജീവിതം.....................................................................................
11.ചൂട്.........................................................................................................
12.പ്ലാസ്റ്റിക് കത്തുമ്പോൾ...................................................................................
13.ഇങ്ങനെയാകുമെന്ന് നാം വിചാരിക്കാത്ത കേരളം.............................................
14.പുഴക്കൊപ്പം...............................................................................................
15.कहना है कुछ..............................................................................................
16.ആരോഗ്യം തന്നെ സമ്പത്ത്..............................................................................

# Editorial Board

മുഹമ്മദ് ഉവൈസ്. കെ

മുഹമ്മദ് മിർഷാദ്. പി

റസീൽ റഹ്മാൻ. എം. എം

മുഹമ്മദ് യാസിർ. ഇ

## Creative Supporters

*ബിൻഷാദ്*

*മുഹമ്മദ് ഇർഷാദ്*

*അഫ്സല്*

*മുഹമ്മദ് റഈസ്*

*മുഹമ്മദ് ഷംനാദ്*

ആമിനത്ത് സഹദിയ

ജുസൈന

# മായാത്ത രാവുകൾ

ഷഹനാസ്
X:B

ക്ലാസുകൾ എങ്ങനെയോ തള്ളി നീക്കി കൊണ്ടുപോയി പേടിയും സമാധാനം തോന്നിക്കുന്നതും ആയ പത്താം ക്ലാസ്. മറ്റ പത്താം ക്ലാസ് കുട്ടികളുടെ കൂടെയിരുന്നും, അതും വല്ലപ്പോഴും കിട്ടാത്തതുമായ ക്ലാസ്സിൽ ഇരുന്നിട്ടുമാണ് കുട്ടിയെ വിജയിപ്പിക്കേണ്ടത്. ആ ചുമതല വല്ലാതെ അലട്ടിയിരുന്നു. ഇതായിരുന്നു ഭീകരമായ ആ സംഭവം. ഒപ്പമുള്ള സുഹൃത്തുക്കളുടെ കളിയും തമാശയും ആസ്വദിക്കാൻ സമയമില്ലാതെ പത്തിലുള്ള ക്ലാസ്സിനു പോകുമ്പോൾ തോണി പോകുന്നതായിരുന്നു, 'എന്തിനാ ഈ വയ്യാവേലി എടുത്ത് തലയിൽ വെച്ചത് എന്ന് എന്നാലും ആകെയുള്ള വിശ്വാസം അടുത്ത വർഷത്തിന് പരീക്ഷ കടുപ്പം മാറുമെന്നതിൽ ആയിരുന്നു. പേടിയില്ലാത്ത സുഖമായി നല്ലരീതിയിൽ പരീക്ഷയെഴുതി മാർക്ക് വാങ്ങാൻ കഴിയുമായിരുന്നു എന്ന ചിന്ത ഉള്ളിൽ ഉണ്ടായിരുന്നു. എന്നാൽ പരീക്ഷയ്ക്ക് നീണ്ടുനിന്നു പിന്നീട് കുറഞ്ഞു വരുന്നതു പോലെ. അന്നത്തെ ദിവസങ്ങളിൽ ഏത് പരീക്ഷയിൽ നല്ല മാർക്ക് കൂടി വിജയിക്കും മനസ്സിനുള്ളിലെ



അടയാത്ത കാട്ടുതീ. അന്ധമായ രാത്രിയിലും ഉറക്കംവരാതെ കിടക്കുമ്പോഴും ഓർമ്മയിൽ ഇതുമാത്രമായിരുന്നു. മനസ്സിൽ വല്ലാതെ പുകയുന്ന ഒരേ

ഒരു ചിന്ത ഇതായിരുന്നു.

എഴുതി കൊടുക്കുന്ന ആ കുട്ടിയെ എങ്ങനെ മാർക്കിൽ വിജയിക്കണം ആയിരുന്നു. ആ നിശാന്തമായ രാവുകളിൽ ഉറക്കം അയക്കുന്നത് ഇപ്പോഴും മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു ഓർമ്മയിൽ പെട്ടതാണ് .എൻറെ ഓർമ്മകളെ എനിക്ക് നിങ്ങളെ യുള്ളൂ മാത്രം മോഹഭംഗങ്ങളും നിങ്ങൾ എനിക്കൊപ്പം കൂട്ട് വരണേ എന്നത്തെയും പോലെ.

# പ്രാർത്ഥന

ഷഹദിയ. കെ
X:B

ആരോ ഉണർത്തിയത് പോലെ തോന്നി. അത് ഉമ്മാൻറെ വിലയായിരുന്നു മനസ്സില്ല മനസ്സോടെ എഴുന്നേറ്റു. കാരണം മഴയായിരുന്നു. മഴയോട് മഴ! തണുപ്പത്ത് മൂടിപുതച്ച് കിടക്കാനായിരുന്നു ആഗ്രഹം ഉമ്മാൻറെ വിളി കാരണം എണീറ്റു.

വെള്ളത്തിൽ തൊടാൻ തോന്നുന്നില്ല. മുഖം കഴുകാൻ വെള്ളം എടുത്തപ്പോഴേക്കും ഞാനിതാ നിന്ന് വിറക്കുന്നു. അന്നുമുതൽ മഴയോട് മഴയായിരുന്നു, ഒരു നീണ്ട പെരുമഴ!

വീട്ടിലെ കിണർ നിറഞ്ഞൊഴുകാൻ ആയി. അടുത്തുള്ള പുഴകളും കുളങ്ങളും നിറഞ്ഞൊഴുകി . വെള്ളം കൊണ്ട് പുറത്തിറങ്ങാൻ വയ്യ. സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അവധിയാക്കി. അടുത്തുള്ള പ്രദേശങ്ങളെല്ലാം മുങ്ങിത്തുടങ്ങി. ഇത്രയും ദീർഘമായ മഴ ലഭിച്ചത് കേരളത്തിലായിരുന്നു. ചില ജില്ലകൾ തുടങ്ങിക്കഴിഞ്ഞു. ചിലത് പകുതിയോളം മുങ്ങി കഴിഞ്ഞു. അങ്ങനെ ആ മഴ ഒരു പ്രളയ ദുരന്തം ആയി മാറി ആരുമറിയാതെ പെട്ടെന്ന് ഒരു ദുരന്തം ഓരോ



ജില്ലകളിലും വെള്ളം നിറഞ്ഞതല്ല. എത്രയോ ആളുകൾ മരണപ്പെട്ടു. ചിലർ ഒലിച്ചുപോയി .ചിലരെ കാണാനില്ല. കുളങ്ങളും കിണറുകളും കുളങ്ങളും എല്ലാം ഒന്നായി .റോഡുകളും വീടുകളും എല്ലാം ഒന്നായി. മനുഷ്യരും ജീവജാലങ്ങളും മനുഷ്യർ താമസിക്കുന്ന വീടുകളും കെട്ടിടങ്ങളും എല്ലാം ഒലിച്ചു പോകാൻ തുടങ്ങി.

ആ രാത്രികളിൽ ഒന്നും ഉറക്കമില്ല വിശപ്പടക്കാൻ ഒന്നുമില്ല.കണ്ണിൽ മുന്നിൽ മുഴുവൻ വെള്ളമെങ്കിലും കുടിക്കാൻ ശുദ്ധജലം ഇല്ല.എല്ലാവർക്കും ഭയം ഈ മഴ അവസാനിക്കില്ലേ എന്നെങ്കിലും ദീർഘം ഇല്ലാതെ അതങ്ങ് അവസാനിച്ചു.ദുരന്തങ്ങൾ ചെയ്യാതിരിക്കട്ടെ അങ്ങനെ പ്രാർത്ഥിക്കാൻ അല്ലേ കഴിയൂ.

# പ്രകൃതിയുടെ മാറ്റം

സുൽഹത്ത് ബീവി കെ. പി
X:B

കുറെ കാലങ്ങൾക്ക് ശേഷമാണ് മധു തന്നെ സ്വന്തം നാട്ടിലേക്ക് പോകുന്നത്. താൻ അധ്യാപകൻ ആയതിൽ പിന്നെ അവിടേക്ക് പോകാൻ കഴിഞ്ഞിട്ടില്ല. തൻറെ പഴയ കൂട്ടുകാരെയും താൻ കളിച്ചിരുന്ന മലയും കുന്നുകളും കുളവുമെല്ലാം ഓർത്തു. മധു ഇതെല്ലാം ഒരു സ്വപ്നം പോലെ കണ്ണടച്ചുകൊണ്ട് ഓർത്തു. ഒന്നു മയങ്ങി. ഒരു ചെറിയ ഗ്രാമമായിരുന്നു അവിടെ ഒന്നോ രണ്ടോ കടകൾ മാത്രം ഉണ്ടായിരുന്നുള്ളൂ. പെട്ടെന്ന് എന്നെ ബസ് കണ്ടക്ടർ മധുവിൻറെ തോളിൽതട്ടി. മധു കണ്ണുതുറന്നു. കണ്ടക്ടർ പറഞ്ഞു: ' നിങ്ങൾ അടുത്ത സ്റ്റോപ്പിൽ ആണ് ഇറങ്ങേണ്ടത് ' മധുതലയാട്ടി. അടുത്ത സ്റ്റോപ്പിൽ എത്തിയപ്പോൾ ബസ്സ് നിന്നു. മധുബസിൽനിന്നുമിറങ്ങി.



കണ്ട ഗ്രാമം മധുവിന് ആശ്ചര്യപ്പെടുത്തി. മധുവിൻറെ കാലുകൾ അനക്കാൻകഴിഞ്ഞില്ല. ഒരു നിമിഷം നിശബ്ദനായി നിന്നു. അദ്ദേഹം ചെറുപ്പത്തിൽ ചായകുടിച്ച് സ്ഥലത്ത് ഇപ്പോൾ വലിയൊരു ഹോട്ടൽ നിൽക്കുന്നു. അദ്ദേഹം നടന്നു അതിൽ കയറി ഭക്ഷണം കഴിച്ചു. അദ്ദേഹം പിന്നെ തൻറെ വീട് നിന്നിരുന്ന സ്ഥലത്തേക്ക് പോയി. ഇവിടെനിന്നും പോയതിൽ നിന്ന് വീട് വിറ്റതായിരുന്നു. മധു തൻറെ പഴയ വീട് നിന്നിരുന്ന

ഇടത്തെ എത്തിയപ്പോൾ അൽഭുതപ്പെട്ടു. അവിടെ വലിയൊരു ഫാക്ടറി ഉയർന്നുനിൽക്കുന്നു. അങ്ങനെമധുതന്നെ ഓർമ്മകൾ പൊഴിഞ്ഞു നിൽക്കുന്നിടത്ത് എല്ലാം പോയപ്പോഴും അവിടെയെല്ലാം മധു വിചാരിച്ചതിലും അപ്പുറമായിരുന്നു. മലകളും കുന്നുകളും നികത്തിയും പുഴകളും കുളങ്ങളും ഇല്ലാതാക്കിയും ചെയ്തിരുന്നു. മധുവിന് വളരെ സങ്കടമായി. മധുവിനെ വളരെ സങ്കടം ആയി തന്നെ ഗ്രാമത്തിൽ നല്ലതും ചീത്തതുമായ ഒരുപാട് വികസനങ്ങൾ ഉണ്ടായിരുന്നു. മധു വളരെ സങ്കടത്തോടെ തന്നെ ഗ്രാമത്തിൻറെ സ്റ്റാൻഡിൽ പോയി നിന്നു. അടുത്ത ബസിൽ കയറി മധു തന്നെ പട്ടണത്തിലേക്കു പോയി. മധു ബസിൽ നിന്നും ആലോചിച്ചു 'കുന്നും പുഴയും കടലും എല്ലാം എവിടെയോ പോയി മറഞ്ഞു'.

# മരണം

അഫീഫ ഷെറിൻ
X:B

എല്ലാ വഴികളും ചെന്ന് ചേരുന്നത്
ഒരു നീണ്ട നിലയിലേക്കാണ്
അതിനെ തടുക്കുവാൻ
ആർക്കും കഴിയില്ല



ഓരോ നീണ്ട നിലവിളിയും
നമ്മുടെ ജീവൻ തുടിക്കുകയാണ്
മരണം എന്നൊരു ദുഃഖം
നാമെല്ലാവരും ചിന്തിക്കണം

ഇനിയുള്ള കാലം മുഴുവൻ നാം
മണ്ണിനടിയിൽ ജീവിച്ച തീർക്കാം
മരണം എന്നൊരു വാർത്ത കേൾക്കുമ്പോൾ
മനസ്സിൽ എന്നൊരു തുടിപ്പ പോലെ

നാം ഓരോരുത്തരുടെയും ജീവിതം
ഒഴുകുന്ന പുഴ പോലെയാണ്
മരണത്തെ ഓർക്കുക എങ്കിലും
വഴികൾ ഒന്നും അവസാനിക്കുന്നില്ല

# علم ...

جسیل کے
اردو استاد

جو تلوار ہے زندگی کی



جو روشنی ہے زندگی کی

ملتے ہیں چمک پورے زندگی کو

دیتے ہیں اسکی شیرینی توسہ دوسروں کو

# ഒഴുകിയ സാഗരം

ജസ്മില തസ്നി
X:A

കൊടും മഞ്ഞിൻ തണുപ്പിൽ ഒന്നുകൂടി അവർ ചുരുണ്ട് കിടന്നു.

വയറു എരിച്ചിൽ കൊള്ളുന്നു ...

വിശന്നിട്ടു വയ്യ..

അവളുടെ ചുണ്ടുകൾ മന്ത്രിച്ചു. അമ്മയോട് പിണങ്ങി അത്താഴം ഉപേക്ഷിച്ചു. ഇത്രയും അവൾ പ്രതീക്ഷിച്ചില്ല. അമ്മ കുറെ വിളിച്ചിരുന്നു. കേട്ടതായി നടിക്കാതെ കിടന്നതാണ് അവൾ. ഉറക്കം അവളെ സ്വീകരിച്ചതേയില . നിലാവിൻറെ വെളിച്ചം അവളെ നോക്കി കണ്ണീര് ട്ടി. പതിയെ കണ്ണുകൾഅടച്ചു . ഗാഢനിദ്രയിലേക്ക് അവളെ തള്ളിയിട്ട് നിലാവും മറഞ്ഞു .ശാന്തമായ രാവിലെ ഇരുട്ട് വിജനമായ തെരുവീഥികളിൽ പോലും വിറപ്പിക്കുന്നു. ഇരുട്ടിൻറെ മറവിൽ നിന്നെവിടെ നിന്നോ കൂട്ട നിലവിളി കേട്ട് അവൾ ഉണർന്നു .അത് അവളുടെ അടുത്ത് എത്തിയതുപോലെ തോന്നി .




തോന്നിയതല്ല ... എത്തി..

അത് അവളെ മുഴുവനായും വിഴുങ്ങി. . മലവെള്ളപ്പാച്ചിൽ അവളെയുംകൊണ്ട് കുതിച്ചു. ഹൃദയത്തുടിപ്പ് പതിയെ നിലച്ചു. ശ്വസിക്കാൻ കൂടി കഴിയാതെ മുഴുവനായും വെള്ളത്തിൽ അകപ്പെട്ടു. അവൾ കേൾക്കുന്നുണ്ടായിരുന്നു അലമുറകളും നിലവിളികളും . . .

അവൾ എല്ലാ വഴികളിലൂടെയും സഞ്ചരിച്ചു. എവിടെയും നീണ്ട നിലവിളി മാത്രം കേൾക്കുന്നു. അവൾക്ക് ഏറ്റവും സന്തോഷം നൽകുന്ന ഒന്നായിരുന്നു മഴയത്ത് കളിക്കാൻ. . . ഏറ്റവും അടുത്ത സുഹൃത്തും മഴയായിരുന്നു. എന്നാൽ രോഗം വഴിമുടക്കി. ഇന്ന് നാട്ടുമുഴുവൻ വെള്ളത്തിൽ ആയിരിക്കുന്നു. ഉന്മൂലന ങ്ങൾ ആഞ്ഞുവീശിയ യുദ്ധക്കളം പോലെ നാട് ഛിന്നഭിന്നമായത് മനസ്സുകൊണ്ട് അറിഞ്ഞവൾ. ദൈവത്തിൻറെ കുസൃതിക്കായി തന്നെ തന്നെ സമർപ്പിച്ചവൾ. സാഗരമായ്നാടിൻറെ ഇടവഴികളിലൂടെ ദൈവങ്ങളെ ഒഴുകിക്കൊണ്ടേയിരുന്നു. . . . . .

---

# അറിവിൻറെ വെളിച്ചം

മുഹമ്മദ് ഉവൈസ്
IX:B

ഓരോ വിദ്യാർത്ഥിയിലും ഉണ്ടാവാം

മിന്നാമിനുങ്ങ് വെളിച്ചം

ഓരോ വിദ്യാർത്ഥിയും കൂട്ടുമ്പോഴാണ്

സൂര്യനേക്കാൾ വലിയ വെളിച്ചം



കൂടുന്ന കൂടുന്ന പുഴകൾ

ആയി മാറുന്ന കടൽ

കൂട്ടണം കൂട്ടണം വിജ്ഞാനം

കൂടി യോജിപ്പിക്കും പോലെ

# തിരിച്ചറിവ്

അദീബ . എ.എ
IX:A

അപ്പ ഒരു മിടുക്കനാണ്. പഠിക്കാൻ മിടുക്കൻ ആണെങ്കിലും അപ്പ അഹങ്കാരിയും മുതിർന്നവർ പറഞ്ഞാൽ അനുസരിക്കാത്ത വരുമായിരുന്നു. പക്ഷേ പഠനത്തെ ജീവനായി കണ്ടിരുന്നു അവൻ എല്ലാ വിഷയത്തിലും ഒന്നാമനായിരുന്നു. ഒരുദിവസം ജി അതാണ് ഞാനിവിടെ അപ്പുവിനെ ക്ലാസ് ടീച്ചർ കുട്ടികൾക്ക് റോഡ് മുറിച്ചുകടക്കുന്ന അയാൾ പാലിക്കേണ്ട നിയമങ്ങൾ പറഞ്ഞു കൊടുക്കുകയായിരുന്നു. റോഡ് മുറിച്ചുകടക്കുമ്പോൾ രണ്ടുഭാഗവും നോക്കണമെന്നും ടീച്ചർ പറഞ്ഞു എന്നാൽ അന്ന് വൈകുന്നേരം അപ്പ വിട്ടുപോകുമ്പോൾ ടീച്ചർ പറഞ്ഞത് ആര് ചെവികൊള്ളാതെ റോഡ് മുറിച്ചു കടത്തുകയും അപ്പുവിന് അപകടം പറ്റുകയും ചെയ്യുന്നു. അപ്പ അപകടം പറ്റി ആശുപത്രിയിൽ ആയിരിക്കുമ്പോൾ അവൻറെ സ്കൂളിൽ പരീക്ഷ നടക്കുകയായിരുന്നു പഠനം ജീവൻ ജീവനായി കാണുന്ന അപ്പുവിന് അസഹ്യമായിരുന്നു. അപ്പോൾ അപ്പ സ്വയം പശ്ചാത്തപിച്ചു അന്ന് ടീച്ചർ പറഞ്ഞത് ശ്രദ്ധിക്കാതിരുന്ന അപ്പോൾ എങ്ങനെയാവുമെന്ന് കരുതിയതേയില്ല.

# ഒരു ഗ്രാമം

ബിൻഷാദ്
IX:A



കഥ നടക്കുന്നത് സുന്ദരമായ ഒരു പ്രദേശത്താണ്. സുന്ദരമായ കുളവും പുഴയും കുന്നും മലയും ഒക്കെയുള്ള പ്രദേശമാണിത്.ഞാനും എൻറെ കൂട്ടുകാരും കൂടി വെക്കേഷനിൽ സ്ഥലം കാണാൻ പോയി .അവിടെമുഴുവനും പച്ചപ്പുല്ലും കുളവും മലയും പുഴയും ഇന്നുമുണ്ട്. അവിടെ രണ്ടു ദിവസം പോന്നത് .അവിടെ പോയി താമസിച്ച് കാര്യം മറക്കാൻസാധ്യമല്ല. പിന്നെയും കാണാനുള്ള ആഗ്രഹം രണ്ടുവർഷം കഴിഞ്ഞ് സ്കൂൾ വെക്കേഷനിൽ കൂട്ടുകാരും അവിടേക്ക് പോയി. ഞങ്ങൾ ഞെട്ടിപ്പോയി ആ പ്രദേശം കണ്ടപ്പോൾ അവിടെയുണ്ടായിരുന്ന ഓരോന്നും മാഞ്ഞു പോകുന്നത് പോലെ അവിടെ ഇടിച്ചുനിരത്തി പുഴയിൽനിന്ന് മണൽവാരി അവിടെ ബിൽഡിംഗുകളും വീടുകളും ഉയർന്നു. അപ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വന്നു .ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ.

# സുന്ദരമാം ജീവിതം

സുമയ്യ .എം.എം.
X:B

നമ്മുടെ ജീവിതം ആർക്കും
എഴുതി തീർക്കാൻ പറ്റില്ല
അതൊരു നീണ്ട പാതയെ പോലെയാണ്
സന്തോഷവും ദു:ഖവും ചെന്നെത്തുന്ന നേരം
മനസ്സിനെ നിരപ്പിച് നിൽക്കും ഞാൻ



ഒരു കുഞ്ഞു പൈങ്കിളി പിറന്ന്
വീഴും നേരം സന്തോഷമെന്ന
കവാടം തുറക്കപ്പെട്ടും
ജീവിതത്തിലേക്ക് കാൽ കുത്തിയ
നേരം ദു:ഖമെന്ന കവാടം
തുറക്കപ്പെട്ടും എന്നിൽ

ദു:ഖവും സന്തോഷവും ഒന്ന്
ഒത്തുചേരുമ്പോൾ എന്തൊരു
ആനന്ദമാം എൻ ജീവിതം

# ചൂട്

അനിത(അധ്യാപിക)

അവസ്ഥകൾ മൂന്ന്

ഖരം,ദ്രാവകം,വാതകം
കട്ടിപിടിച്ച് നിയമതമായ ആകൃതിയിൽ
ചലന സ്വാതന്ത്ര്യം കൂടി നഷ്ടമായവർ
പതുക്കെ ഒരു ചൂടിനാൽ ഉരുകി
അടുത്ത അവസ്ഥയിലേക്ക് ഒഴുകിയിറങ്ങുന്നു
പിന്നെ ചൂടിൻറെ കാഠിന്യമേറുമ്പോൾ
ചുറ്റുപാടുകളുടെ പരിമിതികൾക്ക് അപ്പുറം
പറന്നു പോകുന്നു
അനുഭവങ്ങൾക്ക് ചൂടേറുമ്പോൾ മാത്രം
പരിമിതികൾ ഉരുകി പോകുമ്പോൾ
നാം നമ്മെ തിരിച്ചറിയണം
ക്ഷണിക്കാതെ കടന്നു വരുന്ന അതിഥി
അവനാണ് നിൻറെ അനുഭവം



# പ്ലാസ്റ്റിക് കത്തുമ്പോൾ

ആഗേശ്
അധ്യാപകൻ

പരിസ്ഥിതിയെ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കുന്നുകൂട്ടുന്നത് മനുഷ്യർ, വന്യജീവികൾ അവയുടെ വാസസ്ഥലങ്ങൾ എന്നിവയെ ഗുരുതരമായി ബാധിക്കുന്നു. എന്നാൽ പ്ലാസ്റ്റിക് കത്തുമ്പോള് അതിലേറെ ഭയാനകമായ വിഷവസ്തുക്കളാണ് പുറന്തള്ളപ്പെടുന്നത്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഡയോക്സിൻ. മനുഷ്യനിൽ വളരെ അധികം ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വാതകമാണിത.

- തലവേദന, തലകറക്കം, കേന്ദ്രനാഡീ വ്യവസ്ഥക്ക് തകരാറുകൾ എന്നിവക്ക് കാരണമാകുന്നു.
- വൃക്ക , കരൾ, പ്രത്യൂൽപാദന അവയവങ്ങൾ എന്നിവയെ ബാധിക്കുന്നു.
- സ്റ്റൈറിൻ എന്ന വാതകം കണ്ണുകളുടെയും ശ്ലേഷ്മസ്തരത്തിൻറെ കാര്യക്ഷമത കുറയുന്നു.
- വിഷു രോഗങ്ങൾ ഉണ്ടാകുന്നു.
- രോഗപ്രതിരോധ വ്യവസ്ഥയ്ക്ക് തകരാർ ഉണ്ടാകുന്നു.
- കാൻസർ രോഗത്തിന് കാരണമാകുന്നു.

പ്ലാസ്റ്റിക് ചെലവുകുറഞ്ഞതും ഉപയോഗിക്കാൻ എളുപ്പവുമാണ്. എന്നാൽ വളരെ പതുക്കെ മാത്രമേ വിഘടിക്കുകയുള്ളു. ആയതിനാൽ ഉപയോഗത്തിൽ ഏറെ പതിന്മടങ്ങ് ദോഷങ്ങളാണ് പ്ലാസ്റ്റിക് ഉണ്ടാക്കുന്നത്. പ്ലാസ്റ്റിക്കിനെ ഉപയോഗം കുറയ്ക്കുക, മറ്റു പാഴ്വസ്തുക്കളിൽ നിന്നും പ്ലാസ്റ്റിക് വേർതിരിക്കുക, പുനരുല്പാദനം നടത്തുക [ക്രമേണ ഭൂമുഖത്തുനിന്നും പ്ലാസ്റ്റിക്കിനെ ഉന്മൂലനം ചെയ്യുകയാണ് അഭികാമ്യം].

- എന്നിവയാണ് ഉചിത മാർഗങ്ങൾ.

# ഇങ്ങനെയാകുമെന്ന് നാം വിചാരിക്കാത്ത കേരളം

ഷിഫാബിനു
IX:B

ഈ കാലം മുതൽ കേരളത്തിൻറെ നാശം വരുന്നു. എന്ന് ആരും കരുതിയ കാര്യമേയല്ല.. എല്ലാവർക്കും അത്ഭുതമായ കാര്യമാണ്. ആ പ്രളയം കാരണം കേരളത്തിന് വൻ നാശനഷ്ടമാണ് ഉണ്ടായത്. കേരളത്തിലെ പകുതിയോളം ജനങ്ങൾ ദുരിതത്തിലായിരുന്നു. അവരുടെ വീടുകൾ, പരിസരങ്ങൾ, വീട്ടുപകരണങ്ങൾ എല്ലാം നശിച്ചുപോയി.



വെള്ളപ്പൊക്കത്തിൽ പെട്ടവരെ രക്ഷിക്കാൻ വേണ്ടി ഒരുപാട് ആളുകളുണ്ടായിരുന്നു. ജീവനക്കാരും മത്സ്യതൊഴിലാളികളും കൂടാതെ ഒരുപാട് പേർ ഉണ്ടായിരുന്നു പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് വേണ്ടി കേരളത്തിൽ നിന്നും പുറം നാട്ടുകളിൽ നിന്ന് ഒരുപാട് പേർ പണം കൊടുത്തും വസ്ത്രങ്ങൾ കൊടുത്ത ഭക്ഷണസാധനങ്ങൾ കൊടുത്തും സഹായിച്ചു. പ്രളയശേഷം കഴിഞ്ഞുള്ള കേരളത്തെ നാം സ്വപ്നത്തിൽപോലും കാണാനിടയില്ല. എന്തുതന്നെ സംഭവിച്ചാലും ഒരു പ്രശ്നം വരുമ്പോൾ എല്ലാവരും ഒരുമയോടെ കൈകോർത്ത് നേരിടുമെന്നും സോഷ്യൽ മീഡിയയുടെ യഥാർത്ത ഉപയോഗങ്ങളെ കുറിച്ചും പ്രകൃതിയോട് ക്രൂരത കാട്ടിയാൽ അത് തിരിച്ചു ലഭിക്കുമെന്നും

ഈ പ്രളയം നമ്മെ പഠിപ്പിച്ചു. ഈ കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ട് പ്രളയം നമ്മോട് വിടപറഞ്ഞത്. ഇങ്ങനെയാകുമെന്ന് ഞാൻ വിചാരിക്കാത്ത കേരളം എന്നും നിലനിൽക്കട്ടെ.

# പുഴക്കൊപ്പം

റിനീഷ . എം
X : B

വിജനമായ പുഴയോരത്ത് അയാൾ വിദൂരതയിലേക്ക് കണ്ണു നട്ടു ഒറ്റയ്ക്കിരുന്നു. ആട്ടും തുപ്പുമേറ്റ് ജീവിതം തള്ളി നീക്കേണ്ടി വന്ന ഒരു ഭിക്ഷാ തുല്യമായി നാക്കുനീട്ടി പല്ലിളിച്ച് കാണിക്കുന്നവരെ ഭാവിക്ക് മുമ്പിൽ അയാൾ പരിഹസിക്കാനായി. അതൊരു ഏട് മാത്രമയി കാണാൻ ആയാൽ ശ്രമിച്ചിരുന്നു. പഠിക്കുന്ന കാലത്ത് അയാൾക്ക് പഠനത്തെക്കാൾ പണത്തോട് ആയിരുന്നു താല്പര്യം. അതിനു വേണ്ടി അയാളൊരു കാലനായി വേഷം ധരിച്ചു. കൊട്ടേഷൻ സംഘത്തിൻെറ മുദ്രാവാക്യം തന്നെയായിരുന്നു അവൻറെ തും. മദ്യവും മയക്കുമരുന്നും ആയിരുന്നു അയാളുടെ ഇഷ്ട വിഭവം. കരുണ എന്നത് അയാളുടെ നിഘണ്ടുവിൽ നിന്ന് അയാൾ വെട്ടിമാറ്റി. അതവിടെ ഒരു കറുത്ത പാട് അവശേഷിച്ചു. കൊട്ടേഷൻ ഏറ്റെടുത്ത് ഓരോ ശരീരവും അയാൾ പിച്ചി ചീന്തിയെറിഞ്ഞു. ജീവിതം ആനന്ദിക്കാൻ മാത്രം മതിയേ ചേർത്തു. പണമാണ് എല്ലാമെന്ന് അട്ടഹസിച്ചു. അവസാനം തൻറെ ആനന്ദ ശൈലിയിലേക്ക് ഒരു കുന്നിക്കുരു പോലെ അയാൾ പണത്തിനുവേണ്ടി സ്വന്തം പെങ്ങളുടെ ജീവിതം തകർത്തെറിഞ്ഞു. സുബോധം എന്താണ് തിരിച്ചു കിട്ടുന്നതിന് മുമ്പ്........ ഒരുനിമിഷം..... പ്രാണന് ശരീരത്തോട് വിട പറഞ്ഞിരുന്നു . അയാൾ ഇന്ന് ഏകനാണ് അതിനൊപ്പം സ്ഥലകാല ബോധമില്ലാത്ത ഭ്രാന്തൻ എന്ന്. ഈ പേരിന് അർഹതനും. ഓർമ്മകൾ അയാളുടെ മനസ്സിൽ ഒരു കറുത്ത പാടായിരുന്നു. ഇന്നത് അയാളുടെ മനസ്സിനെ തന്നെ ഇരുണ്ടത് ആക്കിയിരുന്നു. ജീവിതത്തിൽ എല്ലാം തീർന്ന നിരാലംബൻ എന്നപോലെ പുഴക്കരയിലേക്ക് നടന്നടുത്തു അയാൾ. ഇനി തനിക്ക് സ്വന്തമെന്ന് പറയാൻ മരണം മാത്രം.....



പഞ്ചസാരക്കാണ് നാവ് നീട്ടിയത്, കിട്ടിയതോ കടും കൈപ്പ്..

# कहना है कुछ.....

सीना. पी(हिंदीअध्यापिका)

मुझे भी कुछ कहना है

समाज से, पूरी दुनिया से

किसी ने नहीं पूछा है अभी तक

क्या तुम्हें कुछ कहना है?

सुविधाएं बहुत हैं , बस इंतजार था

सवाल का......



पूछे बिना कुछ बोलना

पागलपन तो थोड़ा ही,

जीने का हक मुझे भी है

कुछ पाने का हक मुझे भी है

जी भर के जीना, चाहे अंबर को छू जाना

कमी क्या रह गई मुझ पर ?

लड़की हूँ.. हाँ, मैं लड़की हूँ

यही मेरा गर्व है

आज की बेटी, कल की पत्नी,

माँ, दादी, साथ ही

वैज्ञानिक क्यों ना हो....?

हिम्मत है मेरी, ताकत है मेरी.....

# ഇരുളിൻറെ ഉൾക്കടൽ

ജെസ്നഫാത്തിമ

അന്ന് രാത്രി പതിവില്ലാത്ത വിധം ഇടിയും മിന്നലും തകർത്തു പെയ്യുന്ന മഴയും. മീന അമ്മയെ കെട്ടിപ്പിടിച്ചു ഉറങ്ങി. അവൾ ഒരു മനോഹരമായ സ്വപ്നം കണ്ടു. ബാഗും കുടയുമെടുത്ത് കൂട്ടുകാരികൾക്കൊപ്പം മഴവെള്ളത്തിൽ കളിച്ചുകൊണ്ട് സ്കൂൾ മുറ്റത്തുകൂടി താനും കൂട്ടുകാരികളും പുസ്തകം നനയാതിരിക്കാൻ മാറത്തേക്കടുക്കിപ്പിടിച്ചിരിന്നു. അങ്ങനെ എത്രനേരം കളിച്ചു എന്നറിയില്ല. പെട്ടെന്നാണ് വലിയ ശബ്ദ കോലാഹലം. അയൽപക്കത്തുള്ള എല്ലാവരും ഓടി രക്ഷപ്പെടുന്നു. മിന്നലിനെ വെളിച്ചത്തിൽ ഇരുണ്ട കാഴ്ചകൾ തെളിഞ്ഞു. അമ്മയുടെ കൈപിടിച്ച് അവളും ഓടി.



ആരൊക്കെയോ ചേർന്ന ഒടുവിൽ ഒരുവിധം ഒരു വീടിൻറെ മട്ടുപാവിൽ എത്തിച്ചു.


ഉറക്കം ഇല്ലെന്ന് എത്രനേരം മെന്നറിയില്ല. പ്രകാശം വന്നു തുടങ്ങി. കുറെ കാലം തൻറെ വീട് നിന്നെടുത്ത് ഒരു പുഴ ഒഴുകുന്നു. തൻറെ വിസ്ത നാളെ തന്നെ പുസ്തകങ്ങളെ ഉള്ളിലൊതുക്കി സങ്കടക്കടലായി തൻറെ വീട്.........

# ആരോഗ്യം തന്നെ സമ്പത്ത്

റസീൽ റഹ്മാൻ.എം.എം IX:B

എന്താണ് ആരോഗ്യം? ഒരു മനുഷ്യൻ അത്യാവശ്യമായ ഒരു ഘടകമാണ് ആരോഗ്യം. നമ്മുടെ ആരൊക്കെ നമ്മുടെ തന്നെ സംരക്ഷിക്കുക. ഇപ്പോഴത്തെ ഭക്ഷണരീതി ആകെ മാറിയിരിക്കുന്നു. പഴയ കാലഘട്ടങ്ങളിലെ ഭക്ഷണരീതി അല്ല ഇപ്പോഴത്തേത്. അതുകൊണ്ടുതന്നെ പഴയകാലങ്ങളിൽ അസുഖം വളരെ കുറവായിരുന്നു. നമ്മൾ നമ്മളെ തന്നെ സംരക്ഷിക്കുക. നമ്മുടെ ഇപ്പോഴത്തെ ഭക്ഷണരീതി വളരെ മോശമാണ്. നമ്മൾ കൂടുതൽ ഫാസ്റ്റഫുഡ് കഴിക്കുന്നവരാണ്. അതുകൊണ്ടുതന്നെ വളരെ ഗുരുതരമായ രോഗങ്ങൾ പിടിപെടുന്നു. കൂടുതൽ ഭക്ഷണം കഴിച്ചതുകൊണ്ട് ആരോഗ്യം ഉണ്ടാവണമെന്നില്ല. നമുക്കാവശ്യമായ ഘടകമാണ് വ്യായാമം. വ്യായാമത്തിലൂടെ നമുക്ക് ഹൃദയ ക്ഷമത കൂടുന്നു, പേശികൾ മുറുകുന്നു, കൊഴുപ്പ് കുറയുന്നു, എല്ലുകൾക്ക് ബലം വെക്കുന്നു എന്നിവയെല്ലാമാണ് ഒരു വ്യായാമം കൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റൊരു ആവശ്യമാണ് പച്ചക്കറി ഉള്ള വിറ്റാമിനുകൾ, പഴവർഗങ്ങളിൽ നിന്നുള്ള പോഷകാഹാരം. കേരളത്തിലെ മനുഷ്യന്മാർക്ക് കൃഷിയോടും പാടത്തോട് താല്പര്യം വളരെ കുറവാണ്. കേരളത്തിലെ മനുഷ്യർ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ആ സംസ്ഥാനങ്ങളിൽ നിന്ന് പഴവർഗ്ഗങ്ങളും, പച്ചക്കറികളും, ധാന്യങ്ങളും ഇറക്കുമതി ചെയ്യുന്നു. നമ്മുടെ സംസ്ഥാനങ്ങളിലേക്ക് ഇറക്കുന്ന വസ്തുക്കൾ വിഷപദാർത്ഥം അടങ്ങിയ വസ്തുക്കളാണ്. അതുകൊണ്ടുതന്നെ നമ്മുടെ ആരോഗ്യം നഷ്ടപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ നമ്മൾ വിഷ പദാർത്ഥങ്ങളിൽ നിന്ന് മുക്തി നേടുക. നമ്മൾ പ്രതിജ്ഞ ചെയ്യുക പാടത്തിറങ്ങി കൃഷി ചെയ്യുമെന്ന്. വിഷമില്ലാത്ത ജൈവകൃഷിയിലേക്കു കേരളത്തിനു മടങ്ങാം. അങ്ങനെ കേരളക്കാർ ആരോഗ്യം സംരക്ഷിക്കു.

# സുദിനങ്ങൾ...


കവിയരങ്ങ്
LP വിഭാഗം
വായനാവാരം സമാപനം
* പി.എൻ പണിക്കർ അനുസ്മരണം
* പുസ്തകപരിചയം
* കവിതാലാപനം
* പുസ്തകപ്രദർശനം
* ആസ്വാദനക്കുറിപ്പ് വായന
* സി.ഡി.പ്രദർശനം : 'പൂതപ്പാട്ട്'








ശിശുദിനാശംസകൾ
നവംബർ 14











# JRC +.....a new beginning



*THANKS...*

*COURTESY:*

*HM,STAFF AND STUDENTS OF GHS,KARIPPOL*

*SPECIAL COMPLIMENTS FOR LITTLE KITES*

